ഉത്തരം

(എ) റവന്യൂ ഓഫീസുകളിലെ പഴക്കം ചെന്ന രേഖകൾ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെ വില്ലേജ് ഓഫീസുകൾക്ക് പുതിയ മന്ദിരം, റിക്കാർഡ് മുറി എന്നിവ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വില്ലേജാഫീസിൽ നിന്നും രേഖകൾ ലഭിക്കാത്തതിന്റെ പേരിൽ പോക്കുവരവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വില്ലേജാഫീസുകളിൽ ആവശ്യത്തിന് അലമാരകളും, ഷെൽഫുകളും ഇല്ലാത്തതിനാൽ രേഖകൾ തറയിൽ കിടന്ന് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വില്ലേജാഫീസിൽ നിന്നും ആവശ്യപ്പെടുന്നതനുസരിച്ച് അലമാര ഉൾപ്പെടെയുള്ള ഫർണിച്ചറുകൾ ലഭ്യമാക്കുന്നുണ്ട്.

67 (1293) സ്വന്തമായി ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നടപടി

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ: കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും പാർപ്പിടവും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) രണ്ടുവർഷംകൊണ്ട് സ്വന്തമായി ഭൂമിയില്ലാത്ത എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകുമെന്നും അതിനായി എത്ര ഹെക്ടർ ഭൂമി വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയും പാർപ്പിടവും ഇല്ലാത്ത കുടുംബങ്ങളെക്കുറിച്ചുള്ള സർവ്വേ റവന്യൂ വകുപ്പ് നടത്തിയിട്ടില്ല.

(ബി) ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോഴേയ്ക്കും ഒരു ലക്ഷം പേർക്ക് ഭൂമി കൊടുക്കാനാകും. അതിനുവേണ്ടി എത്ര ഹെക്ടർ ഭൂമി വേണ്ടിവരുമെന്നതു സംബന്ധിച്ചു കൃത്യമായ കണക്കു ലഭ്യമല്ല.

(സി) കേരള ഭൂമിപതിവ് ചട്ടങ്ങളിലെ സെക്ഷൻ 7 പ്രകാരം

1. 10,000/-രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള ഭൂരഹിതർ.
2. സൈനിക സേവനത്തിനിടയിൽ അംഗവൈകല്യം സംഭവിച്ചവരും കൊല്ലപ്പെടുന്നവരുടെ ആശ്രിതരും ആയ ഭൂരഹിതർ.

LIBRARY ARCHIVES Kerala Legislative Assembly

3. 10,000/-രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ളവരും തങ്ങളുടെ ഭൂമി തിരിച്ചെടുക്കുവാൻ കഴിയാത്തവരുമായ ഭൂഉടമകൾ.

4. മൂന്നുവർഷത്തിൽ കുറയാത്ത അംഗീകൃത സേവനം പൂർത്തിയാക്കിയിട്ടുള്ളവരും ധീരതയ്ക്കുള്ള അവാർഡ് ലഭിച്ചിട്ടുള്ളവരുമായ സേവനത്തിൽ തുടരുന്ന സൈനികരോ അവരുടെ ഭൂരഹിതരായ ആശ്രിതരോ ആയവർ എന്നിവർക്കും കേരള ഭൂപരിഷ്ക്കരണ നിയമം ചട്ടങ്ങൾ 96 പ്രകാരം.

1. ഭൂരഹിതരായ കർഷകത്തൊഴിലാളികൾ

2. യാതൊരു ഭൂമിയും വീണ്ടെടുക്കുന്നതിന് അവകാശമില്ലാത്തവരായ ചെറുകിട ഭൂവുടമകൾ, ജന്മിമാർ തുടങ്ങിയവർക്കും

ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി സൗജന്യമായി ഭൂമി വിതരണം നടത്തുന്ന പദ്ധതി അനുസരിച്ച് എല്ലാ ഗ്രാമപഞ്ചായത്തിലേയും ഭൂരഹിത കർഷകർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും, റോഡ്, തോട് പുറംമ്പോക്കിൽ താമസിക്കുന്ന ഭൂരഹിത കർഷകത്തൊഴിലാളികൾക്കും ഭൂമി നൽകുന്നു.

68 (1294) 'ഫ്ളോർ പ്രൈസ്'

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പ് സ്ഥലങ്ങളുടെ പ്രാമുഖ്യത കണക്കിലെടുത്തുകൊണ്ട് നിശ്ചയിച്ചിട്ടുള്ള 'ഫ്ളോർ പ്രൈസ്' ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ 'ഫ്ളോർ പ്രൈസ്' സ്ഥലങ്ങൾക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്ത്, വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) റവന്യൂ വകുപ്പ് ഇപ്രകാരം 'ഫ്ളോർ പ്രൈസ്' നിശ്ചയിച്ചിട്ടില്ല.

69 (1295) സംസ്ഥാനത്ത് മിച്ചഭൂമി വികസനത്തിന് സാമ്പത്തിക സഹായം

ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly